**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3668** **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ മികവുറ്റതാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും ടി അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം ടി നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാരൻ സംഘം ജീവനക്കാരനാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘത്തിലെ ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതും ഗുരുതരമായ ക്രമക്കേടുകൾ വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കണ്ട് പോലീസ് അന്വേഷണത്തിനായി തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ